# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 1544 | 11.2.2013-ൽ മറുപടിക്ക്

### ക്ഷീര കർഷകർക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും നൽകുന്ന സഹായ പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര കർഷകർക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും നൽകുന്ന സഹായ പദ്ധതികൾ എന്തെല്ലാം ; | (എ) ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുന്ന തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളിൽ പാലൊഴിക്കുന്ന കർഷകർക്ക് ഒഴിക്കുന്ന പാലിന് ആനുപാതികമായികാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിനും കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനും സബ്സിഡി, ഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം നൽകുന്ന എം.എസ്.ഡി.പി എന്നിവ ക്ഷീരവികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് അവരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.<br><br>ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം എന്ന പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിക്കുന്നതിനും പ്രവർത്തന രഹിതമായവ പുനരുദ്ധരിക്കുന്നതിനും ധനസഹായം അനുവദിക്കുന്നു. ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര സഹകരണ സംഘങ്ങളുടെ ആവശ്യപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റും സബ്സിഡി അനുവദിക്കുന്നു. കൂടാതെ സ്വന്തമായി സ്ഥലമുള്ള ക്ഷീര സംഘങ്ങൾക്ക് പാൽ സംഭരണമുറി നിർമ്മിക്കുന്നതിനും ധന |

സഹായം അനുവദിക്കുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് ആക്ട് പ്രകാരം സംഘങ്ങളെ സജ്ജമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്കും പരിശീലനങ്ങൾക്കും ധനസഹായം അനുവദിക്കുന്നു.

ഇത് കൂടാതെ കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധന സഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് മുതലായവ മിൽമവഴി ക്ഷീരകർഷകർക്ക് നൽകി വരുന്നു.

| | |
|---|---|
| (ബി) ക്ഷീരകർഷകരുടെ വായ്പ കാർഷിക വായ്പയായി പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ക്ഷീരകർഷകരുടെ വായ്പ കാർഷിക വായ്പയായി പരിഗണിക്കുന്ന കാര്യം നിലവിൽ ആലോചനയിലില്ല. |
| (സി) ക്ഷീര കർഷക പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ? | (സി) നിലവിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന 300 രൂപയാണ് പെൻഷൻ നൽകി വരുന്നത്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ